## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1103 05/03/2020-ൽ മറുപടിയ്ക്ക്

### പ്രീ പ്രൈമറി വിദ്യാഭ്യാസം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പഠിപ്പിക്കാനല്ല, പഠിക്കാനുള്ള താല്പര്യം കുട്ടികളിലുണ്ടാക്കലാണ് പ്രീ-പ്രൈമറി തലംകൊണ്ട് ഉദ്ദേശി ക്കുന്നതെന്ന കാര്യം സർക്കാർ അംഗീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) അംഗീകരിക്കുന്നു. |
| (ബി) പ്രൈമറി, സെക്കൻഡറി, ഹയർ സെക്കൻഡറി മേഖലയിലെ മുന്നേറ്റത്തിനായി സർക്കാരിന് നയങ്ങളുണ്ടെങ്കിലും പ്രീ- പ്രൈമറിയെ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി പോലും കാണാത്ത സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) പ്രീ സ്കൂൾ വിഭാഗം നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ (കെ.ഇ.ആർ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ) ഭാഗമല്ല. വനിതാ ശിശു വികസന വകുപ്പിനാണ് 3 മുതൽ 6 വയസ്സു വരെയുള്ള കുട്ടികളുടെ പരിചരണം, പോഷണം, വിദ്യാഭ്യാസം എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള ചുമതല. |
| (സി) പ്രീ പ്രൈമറി തലവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വ്യക്തമായി നിർവ്വചിക്കുന്ന ഒരു നിയമമുണ്ടാക്കി സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് പ്രീ സ്കൂളുകളിലും നടപ്പാക്കുന്ന കാര്യം ഉറപ്പുവരുത്തുമോ? | (സി) പ്രീ സ്കൂൾ നയരേഖ (കരട്) എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി യിട്ടുണ്ട്. |

Reeny

സെക്ഷൻ ഓഫീസർ